പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5864 — 04.11.2016-ൽ മറുപടിക്ക്

**പൊതുമരാമത്ത് വകുപ്പിന്റെ ക്വാളിറ്റി മാനുവലിന്റെയും ലബോറട്ടറി മാനുവലിന്റെയും വ്യവസ്ഥകൾ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.അട്ടൂർ പ്രകാശ്**<br>**,, എൽദോസ് കുന്നപ്പിള്ളി**<br>**,, എ.പി. അനിൽ കുമാർ**<br>**,, സണ്ണി ജോസഫ്** | **ശ്രീ. ജി. സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ മന്ത്രി)** |
| (എ) പൊതു മരാമത്ത് വകുപ്പിന്റെ ക്വാളിറ്റി മാനുവലിന്റെയും ലബോറട്ടറി മാനുവലിന്റെയും വ്യവസ്ഥകൾ കൃത്യമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്താൻ വേണ്ടി ക്വാളിറ്റി ആഡിറ്റിംഗ് ശക്തിപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിവരിക്കുമോ;<br><br>(ബി) ഭരണ തലത്തിൽ ഇതിനായി എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം? | (എ) & (ബി) ഉണ്ട്. പൊതുമരാമത്ത് വകുപ്പിൽ 5 കോടി രൂപയ്ക്ക് മുകളിൽ കരാർ തുക വരുന്ന പണികൾക്ക് വകുപ്പിന് പുറമേയുള്ള ഏജൻസിയോ, വിദഗ്ധ-നേയോ ഉപയോഗിച്ച് ഗുണനിലവാര പരിശോധനയുടെ ടെക്നിക്കൽ ആഡിറ്റിംഗ് നടത്തുന്നതാണ്. ശക്തമായ ടെക്നിക്കൽ ആഡിറ്റിംഗ് നടത്തുന്നതിന്റെ ഭാഗമായി വിദഗ്ധ ഏജൻസി, പണി പൂർത്തിയായ റോഡിന്റെ ഓരോ കിലോമീറ്ററിലും പരിശോധന നടത്തി ക്വാളിറ്റി മാനുവലിന്റെ വ്യവസ്ഥകൾ പാലിച്ചിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തുകയും ചെയ്യേണ്ട-താണ്. കെട്ടിടങ്ങൾക്കും മാനുവൽ പ്രകാരം വിദഗ്ധ പരിശോധന നടത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ